**ഭരണഭാഷ - മാതൃഭാഷ**

നമ്പർ കെ 5/8053/2017/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം - 33
തീയതി : 28/05/2019
ഫോൺ : 0471 2303107

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - 2018-19 ലെ പൊരുത്തപ്പെടുത്തിയ പട്ടിക ബിംസ് മുഖേന എടുത്ത് ഈ കാര്യാലയത്തിലേയ്ക്ക് അയച്ചുതരുന്നത് - സംബന്ധിച്ച്.

സൂചന:- 1) ഈ കാര്യാലയത്തിലെ കെ5/8053/2017/കോ.വി.വ. നമ്പർ 05/10/2018 -ലെ കത്ത്.
2) ഏ.ജി.യുടെ 13/05/2019 ലെ DAE/01/RC/2018-19/21- ൧൦ നമ്പർ കത്ത്.
3) ധനകാര്യവകുപ്പിന്റെ 25/5/19 ലെ നമ്പർ 54/19 സർക്കുലർ

മേൽ സൂചന ഒന്ന് പ്രകാരം ഈകാര്യാലയത്തിന് കീഴിലുള്ള എല്ലാ സ്ഥാപന മേധാവികൾക്കും പദ്ധതിയേതര ചെലവുകളുടെ 2018-19 വർഷത്തെ പൊരുത്തപ്പെടുത്തിയ പട്ടിക ബിംസ് മുഖേന എടുത്തയച്ചുതരാനായി നിർദ്ദേശിച്ചിരുന്നു. എന്നാൽ പല സ്ഥാപന മേധാവികളിൽ നിന്നും നാളിതുവരെ ആയത് ലഭ്യമാക്കിയിട്ടില്ല.

മേൽ സൂചന രണ്ട് പ്രകാരം തിരുവനന്തപുരം അക്കൗണ്ടന്റ് ജനറലിന്റെ നിർദ്ദേശമനുസരിച്ച് 28/06/2019 ന് മുമ്പായി പട്ടിക ഒത്തുനോക്കി സാക്ഷ്യപത്രം അയയ്ക്കേണ്ടതുള്ളതിനാൽ നാളിതുവരെ പൊരുത്തപ്പെടുത്തിയ പട്ടിക അയച്ചിട്ടില്ലാത്ത എല്ലാ സ്ഥാപനമേധാവികളും അടിയന്തിരമായി 2018 ഏപ്രിൽ മുതൽ 2019 മാർച്ച് വരെയുള്ള പൊരുത്തപ്പെടുത്തിയ പട്ടിക 2019 ജൂൺ 10 നകം അയച്ചു തരുവാൻ നിർദ്ദേശിക്കുന്നു. സൂചന (3) പ്രകാരം ധനകാര്യവകുപ്പ് ഇത് കർശനമായി നിർദ്ദേശിക്കുന്നുണ്ട്.

വിശ്വസ്തതയോടെ,
ഒപ്പ്/-
ജയശ്രീ.എം.എ
സീനിയർ ഫിനാൻസ് ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ്-

1. എല്ലാസ്ഥാപനമേധാവികൾക്കും/വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും
2. കരുതൽ ഫയൽ/നടപ്പ് ഫയൽ

// അംഗീകാരത്തോടെ//

Prema.B
സൂപ്രണ്ട്

ജയ/28/5/19